(സി) ഇവിടെ ഇനിയും അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കേണ്ടത് ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):

(എ-സി) സംസ്ഥാനത്തിന്റെ ഐ.ടി. വികസനം ലക്ഷ്യമിടുന്ന ഹബ്ബ് ആന്റ് സ്പോക്ക് മോഡലിൽ മലബാർ മേഖലയിലെ സമഗ്ര ഐ.ടി. വികസനത്തിന് വേണ്ടി കോഴിക്കോട് സൈബർ പാർക്ക് ഹബ്ബ് ആയും കണ്ണൂർ കാസർഗോഡ് എന്നിവിടങ്ങളിലെ സൈബർ പാർക്കുകൾ സ്പോക്കുകളായും വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കോഴിക്കോട് സൈബർ പാർക്ക് സ്ഥാപിക്കുന്നതിനായി 43 ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായി വരുന്നു. പ്രസ്തുത പാർക്കിന് 2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. ബിൽഡിംഗാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. കോമൺ ഫെസിലിറ്റി സെന്റർ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കണ്ണൂർ സൈബർപാർക്കിന് 50000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. മന്ദിരത്തിന്റെ രൂപകൽപ്പന പൂർത്തീകരിച്ചുവരുന്നു. കാസർഗോഡ് സൈബർപാർക്കിന് 50000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. മന്ദിരത്തിന്റെ മാസ്റ്റർപ്ലാൻ ബിൽഡിംഗ് പ്ലാൻ തുടങ്ങിയവയുടെ തയ്യാറാക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. ഇവയ്ക്കെല്ലാം അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലവിതരണം ഇവ ലഭ്യമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനായി സർക്കാരിൽ നിന്നും നാളിതുവരെ 20 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ 2010-11 വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ച 17.5 കോടി രൂപയിൽ നിന്നും 7.50 കോടി രൂപ കൂടി ഇനി നൽകുവാനുണ്ട്.

നോർക്കാ-റൂട്ട്സിന്റെ പ്രവർത്തനം

23(*173) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികളുടെ നിരവധി പ്രശ്നങ്ങൾക്ക് ശ്രുതഗതിയിലും കാര്യക്ഷമമായും പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനും നോർക്കാ-റൂട്ട്സിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ :

(ബി) ഈ സ്ഥാപനത്തിന്റെ കാര്യക്ഷമത കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നതിനും ഇനിയും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രവാസി മലയാളികളുടെ എന്നപോലെ മറുനാടൻ മലയാളികളുടെ പ്രശ്നപരിഹാരത്തിനും നോർക്ക-റൂട്ട്സിന്റെ പ്രവർത്തനം കൂടുതൽ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തിനായി എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):

(എ) നോർക്ക-റൂട്ട്സിന്റെ പ്രവർത്തനം പ്രവാസി മലയാളികൾക്ക് കൂടുതൽ പ്രയോജനപ്പെടുന്ന തരത്തിൽ ചുവടെ പറയുന്ന നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

1. നോർക്ക-റൂട്ട്സിന്റെ പ്രാദേശിക കേന്ദ്രങ്ങൾ മുഖാന്തരം ചെയ്തുവരുന്ന എച്ച്.ആർ.ഡി./എം.ഇ.എ./എംബസ്സി അറ്റസ്റ്റേഷനുകൾക്കു പുറമേ 101 രാജ്യങ്ങളിലേക്കുള്ള അപ്പോസ്റ്റൽ അറ്റസ്റ്റേഷൻ സേവനവും അന്യസംസ്ഥാന സർട്ടിഫിക്കറ്റുകൾക്കായി എംബസ്സി അറ്റസ്റ്റേഷൻ സേവനവും ആരംഭിച്ചിട്ടുണ്ട്. കൂടാതെ പൊതുജന സൗകര്യാർത്ഥം എല്ലാ ജില്ലാ കളക്ട്രേറ്റുകളിലും ഒരു നിശ്ചിത ദിവസം അറ്റസ്റ്റേഷൻ നടത്തുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

2. വിദേശത്ത് തൊഴിൽ തേടുന്നവരെ സഹായിക്കുന്നതിനായി ഒരു റിക്രൂട്ട്മെന്റ് ഏജന്റായി നോർക്ക-റൂട്ട്സ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. അതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികൾക്കും തൊഴിൽ ദാതാക്കൾക്കും രജിസ്ട്രേഷൻ നടത്തുവാനുള്ള സംവിധാനത്തോടെ ഒരു ജോബ് പോർട്ടലും ആരംഭിച്ചിട്ടുണ്ട്.

3. വിദേശത്ത് തേടിപ്പോകുന്നവർക്ക് അവരുടെ തൊഴിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനായി 2009-ൽ 8 സ്ഥാപനങ്ങൾ മുഖാന്തരം ആരംഭിച്ച പരിശീലന പരിപാടി ഇപ്പോൾ 21 സ്ഥാപനങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ഇവിടെനിന്നും ആഗോളതൊഴിൽ വിപണിയിൽ ഏറെ തൊഴിൽ സാദ്ധ്യതയുള്ള 35 കോഴ്സുകളിൽ പരിശീലനം നൽകി വരുന്നു.

4. പ്രവാസി മലയാളികളുടെ ചിരകാല അഭിലാഷമായ തിരിച്ചറിയൽ കാർഡ് നോർക്ക-റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ വിതരണം നടത്തിവരുന്നു.

തിരുവനന്തപുരത്ത് നോർക്ക വകുപ്പിന് കീഴിൽ പണി പൂർത്തിയായി വരുന്ന നോർക്ക സെന്റർ ഉദ്ഘാടനം ചെയ്യുന്നതോടുകൂടി നോർക്ക-റൂട്ട്സും അനുബന്ധ സ്ഥാപനങ്ങളും ഒരു കെട്ടിടത്തിൽ പ്രവർത്തിക്കുന്നതാണ്. ഇതു വഴി റൂട്ട്സിന്റെ സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ പ്രവാസി. മലയാളികൾക്ക് ലഭ്യമാകുന്നതാണ്.

(ബി) നോർക്കയുടെയും നോർക്ക-റൂട്ട്സിന്റെയും പ്രവർത്തനങ്ങളെക്കുറിച്ചും പദ്ധതികളെ കുറിച്ചും പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി എല്ലാ ജില്ലാ കളക്ട്രേറ്റുകളിലും നോർക്ക സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ റവന്യൂ പോലീസ് നിയമസഹായം സംബന്ധിച്ച പ്രശ്നങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ദ്രുതഗതിയിലുള്ള പരിഹാരം ലഭിക്കുന്നതിലേക്കായി ജില്ലാ കളക്ട്രേറ്റുകളിൽ ഉദ്യോഗസ്ഥരെ നിയമിക്കാനുള്ള നിർദ്ദേശം പരിഗണനയിലാണ്.

വിദേശത്ത് തൊഴിൽ തേടിപ്പോകുന്നവർക്ക് പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ നടത്തിവരുന്നു. ഈ ശില്പശാലകൾ എല്ലാ ജില്ലകളിലും സമയബന്ധിതമായി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനോടൊപ്പം 14 ജില്ലകളിലും പ്രീ-ഡിപ്പാർച്ചർ പരിശീലനം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡുമായി ചേർന്ന് നടത്തുന്നതിനും നോർക്ക-റൂട്ട്സ് ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(സി) മറുനാടൻ മലയാളികൾക്കിടയിൽ നോർക്ക-റൂട്ട്സിന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുന്നതിനായി ഡൽഹിയിലും മുംബൈലും പ്രവർത്തിക്കുന്ന എൻ.ആർ.കെ. ഡെവലപ്മെന്റ് ഓഫീസുകൾക്ക് പുറമേ ചെന്നൈയിലും ബാംഗ്ലൂരിലും കൂടി എൻ.ആർ.കെ. ഡെവലപ്മെന്റ് ഓഫീസുകൾ ആരംഭിക്കുന്നതിന് നോർക്ക-റൂട്ട്സ് ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ഇൻഫോ പാർക്കുകളുടെ നിർമ്മാണത്തിനും വികസനത്തിനും ആവശ്യമായ സ്ഥലങ്ങൾക്ക് സെസ്സ് പദവി

24(*174) ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇൻഫോ പാർക്കുകളുടെ നിർമ്മാണത്തിനും വികസനത്തിനും ആവശ്യമായ സ്ഥലങ്ങൾക്ക് സെസ്സ് പദവി നൽകുന്നതു സംബന്ധിച്ച് എന്തൊക്കെ പുതിയ മാർഗ്ഗനിർദ്ദേശങ്ങളാണ് പരിഗണിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ആവശ്യത്തിനായി ഏതൊക്കെ സ്ഥലങ്ങളിൽ സെസ്സ് പദവി ഏർപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങളാണ് ഇപ്പോൾ പരിഗണനയിലുള്ളത്;

(സി) ഇതിനായി ഏതെല്ലാം സ്ഥലങ്ങളിൽ എത്ര ഏക്കർ വീതം ഭൂമിക്കായി സെസ്സ് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി ;

(ഡി) ഈ രംഗത്ത് ദ്രുതഗതിയിലുള്ള വികസനം സാദ്ധ്യമാക്കുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ സെസ്സ് പദവി നടപ്പിയെടുക്കാൻ കേന്ദ്ര സർക്കാരുമായി യോജിച്ച് പ്രവർത്തനം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly